**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**

dtekerala@gmail.com

04712561307


**നടപടിക്രമം**

വിദ്യാഭ്യാസം -സാങ്കേതിക.-സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് - പർച്ചേസ് സെക്ഷൻ- പുറപ്പുഴ പോളിടെക്നിക് കോളേജിലെ മെയിൻ ബ്ലോക്കിൽ മെയിൻറനൻസ് പ്രവർത്തികൾ ചെയ്യുന്നതിനായി ഭരണാനുമതി അനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പർച്ചേസ് (എ) വിഭാഗം

നം: D4/19960/23/ഡി.ടി.ഇ തിരുവനന്തപുരം , തീയതി: 26.11.2023

---

വായന:- 1.5/05/2023 ലെ പുറപ്പുഴ പോളിടെക്നിക് കോളേജിലെ പ്രിൻസിപ്പലിന്റെ കത്ത് നം. ഡി/1058/2023.

2.തൊടുപുഴ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ എസ്റ്റിമേറ്റ് നം.PWD/BLDG/EST/22160/2022_5_1_1.

**ഉത്തരവ്**

പുറപ്പുഴ പോളിടെക്നിക് കോളേജിലെ മെയിൻ ബ്ലോക്കിൽ മെയിൻറനൻസ് പ്രവർത്തികൾ ചെയ്യുന്നതിനായി **7,53,000/- (ഏഴു ലക്ഷത്തി അൻപത്തിമൂവായിരം രൂപ )** രൂപയുടെ പ്രൊപ്പോസൽ ഭരണാനുമതിക്കായി വായന (1) പ്രകാരം സ്ഥാപനമേധാവി സമർപ്പിച്ചിരിക്കുന്നു.

വായന (2) പ്രകാരം തൊടുപുഴ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സ്ഥാപനത്തിലെ മെയിൻ ബ്ലോക്കിൽ മെയിൻറനൻസ് പ്രവർത്തികൾ ചെയ്യുന്നതിനായി **7,53,000/- (ഏഴു ലക്ഷത്തി അൻപത്തിമൂവായിരം രൂപ )** രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പുറപ്പുഴ പോളിടെക്നിക് കോളേജിലെ മെയിൻ ബ്ലോക്കിൽ മെയിൻറനൻസ് പ്രവർത്തികൾ ചെയ്യുന്നതിനായി **7,53,000/- (ഏഴു ലക്ഷത്തി അൻപത്തിമൂവായിരം രൂപ )** രൂപയുടെ ഭരണാനുമതി അനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രസ്തുത പ്രവർത്തി നിലവിലെ സർക്കാർ ചട്ടങ്ങൾ പാലിച്ച ഡിപ്പോസിറ്റ് വർക്കായി ചെയ്യേണ്ടതും , പ്രസ്തുത പ്രവർത്തിയിന്മേലുള്ള പുരോഗതി സ്ഥാപനമേധാവി കൃത്യമായി പരിശോധിച്ച തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം ടി പ്രവർത്തിയുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന എല്ലാവിധ കാലതാമസ്സങ്ങൾക്കും സ്ഥാപനമേധാവി ഉത്തരവാദിയായിരിക്കും.

പ്രസ്തുത ചിലവിന് ആവശ്യമായ തുക "2203-00-105-79-17 MW PLAN" ശീർഷകത്തിൽ വകയിരുത്തേണ്ടതാണ്.

**നിബന്ധനകൾ**

- ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം സമയബന്ധിതമായി നിർമാണം പൂർത്തിയാക്കേണ്ടതാണ്.
- ഫീൽഡ് സ്ഥാപനവും നിർവാഹകണ ഏജൻസിയും സംയുകതമായി മൂന്നു മാസത്തിൽ ഒരിക്കൽ, പ്രസ്തുത പ്രവർത്തി പൂർത്തിയാക്കുന്നത് വരെ അവലോകനം നടത്തേണ്ടതാണ്.
- പ്രവർത്തി പൂർത്തിയാക്കിയതിന് ശേഷം, ധന വിനിയോഗ സർട്ടിഫിക്കറ്റ്, പൂർത്തീകരണ സർട്ടിഫിക്കറ്റ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

Draft #3 of File D4/19960/23/DTE Approved by Director (in-charge) on 26-Nov-2023 08:25 PM - Page 1

ഒപ്പ്/-

ഡോ. രാജശ്രീ എം.എസ്
ഡയറക്ടർ (ഇൻ ചാർജ്)

സ്വീകർത്താവ്

1. പ്രിൻസിപ്പാൾ, സർക്കാർ പോളിടെക്നിക് കോളേജ്,
പുറപ്പുഴ .
2. അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം,
തൊടുപുഴ.
3. അക്കൌണ്ടൻറ് ജനറൽ (A&E), കേരള , തിരുവനന്തപുരം
4.സൂപ്രണ്ട്, ഫിൻ (A) സെക്ഷൻ
5.ഓഫീസ് പകർപ്പ്.

Approval Valid

Digitally Approved By
ഡോ. രാജശ്രീ എം.എസ്
Date: 26.11.2023
Reason: Approved

Draft #3 of File D4/19960/23/DTE Approved by Director (in-charge) on 26-Nov-2023 08:25 PM - Page 2

The document is digitally approved. Hence signature is not needed.